No. Acd. SPI.(01)/SWS/6858/08/HSE

ഹയർസെക്കന്ററി ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 29.08.2008

## ഏകജാലകം തുടർപ്രവർത്തനങ്ങൾ

1. അപേക്ഷ നൽകിയവരിൽ ഇതുവരെ പ്രവേശനം ലഭിക്കാത്ത 23 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരാഗ്രഹിക്കുന്ന സർക്കാർ സ്കൂളുകളിൽ പ്രവേശനം നൽകും. ഇതിനായി അവരെ നേരിട്ട് ബന്ധപ്പെടേണ്ടതും ആവശ്യമെങ്കിൽ ഇതിനായി അധികസീറ്റ് അനുവദിക്കേണ്ടതുമാണ്.

2. ഒഴിവാക്കാൻ പറ്റാത്ത കാരണങ്ങളാൽ മുഖ്യ അലോട്ട്മെന്റിൽ പ്രവേശനം നേടാൻ കഴിയാത്ത വിദ്യാർത്ഥികളെ സർക്കാർ സ്കൂളുകളിലെ സീറ്റിന്റെ ലഭ്യത അനുസരിച്ച് പരിഗണിക്കേണ്ടതാണ്. സപ്ലിമെന്ററി അലോട്ട്മെന്റിൽ വിദ്യാർത്ഥികളുടേതല്ലാത്ത തകരാറുമൂലം അപേക്ഷ ശരിയായ രീതിയിൽ സമർപ്പിക്കാൻ കഴിയാത്ത കുട്ടികളുടെ അപേക്ഷകൾ സപ്ലിമെന്ററി അലോട്ട്മെന്റിൽ അവരർഹിക്കുന്ന സർക്കാർ സ്കൂളുകളിലെ സീറ്റുകളിലേക്കായി പരിഗണിക്കുന്നതാണ്.

3. ഓഗസ്റ്റ് 30-ന് www.hscap.kerala.gov.in വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്ന ഒഴിവുകളിലേക്ക് സർക്കാർ ഉത്തരവ് GO No. (Rt) 4502/06 തീയതി 16.10.2006 പ്രകാരം സ്കൂൾ ട്രാൻസ്ഫർ അനുവദിക്കാവുന്നതാണ്. ഇതിനായി ഓഗസ്റ്റ് 30 മുതൽ സെപ്തംബർ 1-ന് വൈകുന്നേരം 2 മണി വരെ വിദ്യാർത്ഥികൾക്ക് ഒഴിവുള്ള സ്കൂളുകളിലെ സീറ്റുകളിലേക്ക് അതാത് പ്രിൻസിപ്പലിന് വെള്ളപേപ്പറിൽ ഗ്രേഡ് വിശദാംശങ്ങളോടെ അപേക്ഷ നൽകേണ്ടതാണ്. ഏകജാലകം വഴി പ്രവേശനം ലഭിച്ച കുട്ടികൾക്ക് മാത്രമേ സ്കൂൾ ട്രാൻസ്ഫർ ബാധകമാകൂ. പ്രിൻസിപ്പൽമാർ ഇങ്ങനെ പ്രവേശനം ലഭിക്കേണ്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് സെപ്തംബർ 1-ന് 4 മണിയ്ക്ക് സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഇപ്രകാരം പ്രവേശനത്തിനർഹരാകുന്ന വിദ്യാർത്ഥികൾക്ക് സെപ്തംബർ 3-ന് 2 മണി വരെ പ്രവേശനത്തിന് അവസരം നൽകാം. ഇതിനുശേഷമുള്ള ഒഴിവു വിവരം സെപ്തംബർ 3-ന് 5 മണിയ്ക്ക് മുമ്പ് നോഡൽ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യണം. ഈ ഒഴിവുകൾ സെപ്തംബർ 4 മുതൽ www.hscap.gov.in-ൽ ലഭ്യമാകും.

4. അപേക്ഷിച്ചിട്ടും ഇതുവരെ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാത്തവരും ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവരുമായ വിദ്യാർത്ഥികൾ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്തംബർ 4,5 തീയതികളിൽ ബന്ധപ്പെട്ട നോഡൽ കേന്ദ്രങ്ങളിൽ പുതിയ അപേക്ഷ നൽകണം. പുതിയ അപേക്ഷയുടെ നമ്പരും, വിവരണവുമായിരിക്കും പരിഗണിക്കുന്നത്.

5. ഇപ്രകാരം ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കപ്പെടണമെങ്കിൽ പുതുതായി അപേക്ഷ നൽകേണ്ടതാണ്. അപേക്ഷ നോഡൽ സെന്ററുകളിൽ നിന്നും ആവശ്യമെങ്കിൽ പത്തു രൂപ നൽകി വാങ്ങി

പൂരിപ്പിച്ച് നൽകേണ്ടതാണ്. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത അപേക്ഷഫാറവും പരിഗണിക്കുന്നതാണ്. ഇങ്ങനെ അപേക്ഷിക്കുമ്പോൾ അപേക്ഷാഫോമിനുള്ള തുക പ്രത്യേകം നൽകേണ്ടതില്ല. നോഡൽ കേന്ദ്രങ്ങളിലാണ് അപേക്ഷ നൽകേണ്ടത്.

6. നോഡൽ കേന്ദ്രങ്ങളിൽ ലഭിക്കുന്ന മുഴുവൻ അപേക്ഷകളും സെപ്തംബർ 6-ന് 12 മണിയ്ക്ക് മുമ്പ് ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നേരിട്ടോ സ്പീഡ് പോസ്റ്റ്/കൊറിയർ വഴിയോ എത്തിക്കേണ്ടതാണ്. ഈ അലോട്ട്മെന്റ് വിശദാംശങ്ങൾ സെപ്തംബർ 9 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും ഇതനുസരിച്ചുള്ള പ്രവേശനം സെപ്തംബർ 10ഓടെ പൂർത്തിയാക്കേണ്ടതുമാണ്.

7. സർക്കുലറിൽ നിഷ്കർഷിച്ചിരിക്കുന്ന സമയക്രമം നിർബന്ധമായും പാലിക്കാൻ എല്ലാ ജില്ലാ കോർഡിനേറ്റർമാരും, നോഡൽ ഓഫീസർമാരും, പ്രിൻസിപ്പൽമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ഡയറക്ടർ**
ഹയർ സെക്കന്ററി